(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) ഗവൺമെൻറ് നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും പൊതു ജനങ്ങൾ നിർവ്വഹിക്കാമെന്ന് സമ്മതിച്ചാൽ പ്രസ്തുത സ്കൂൾ അടുത്ത സ്കൂൾ വർഷം അപ്ഗ്രേഡ് ചെയ്യുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത സ്ഥലം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അടുത്ത സ്കൂൾ വർഷം അപ്ഗ്രേഡ് ചെയ്യാൻ നിർവ്വാഹമില്ല.

സ്പെഷ്യൽ റിക്രൂട്ടുമെൻറ് അനുസരിച്ച് വിദ്യാഭ്യാസ വകുപ്പിലെ നിയമനം

1000 [1612] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ടുമെൻറ് അനുസരിച്ച് വിദ്യാഭ്യാസ വകുപ്പിൽ (ജനറൽ) ആകെ എത്ര പട്ടികജാതി വർഗ്ഗക്കാരെ നിയമിച്ചു;

(ബി) തസ്തിക തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) 1045 പേരെ.

(ബി)

1.	ഹെഡ്മാസ്റ്റർ(ഹൈസ്കൂൾ)	—	7 ഗസറ്റഡ്
2.	ഡി. ഇ. ഒ.	—	1 ഗസറ്റഡ്
3.	ഹൈസ്കൂൾ അസിസ്റ്റൻറ്	—	269
4.	പ്രൈമറി ടീച്ചർ	—	743
5.	എൽ. ഡി. സി.	—	22
6.	എൽ. ഡി. ടൈപ്പിസ്റ്റ്	—	3
	ആകെ	—	1045

അദ്ധ്യാപികയുടെ നിയമനം അംഗീകരിക്കാൻ നടപടി

1001 [1613] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മാടായി എ. ഇ. ഒ. യുടെ പരിധിയിൽപ്പെട്ട ചെറുതാഴം എ. എൽ. പി. സ്കൂളിലും പിലാത്തറ യു. പി. സ്കൂളിലും ജോലിചെയ്തിരുന്ന കെ. കെ. ഇന്ദിരാഭായി എന്ന അദ്ധ്യാപികയുടെ നിയമനം അംഗീകരിച്ച് ജോലിചെയ്ത കാലത്തെ ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം വല്ലതും ലഭിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly